"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള സംസ്ഥാന വഖ്ഫ് ബോർഡ് - അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് 2025-26 - രണ്ടാം ഗഡു റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.111/2026/RD തീയതി,തിരുവനന്തപുരം, 15-01-2026

---

പരാമർശം:-

1. 19.06.2025 തീയതിയിലെ സ.ഉ (സാധാ) നം.1475/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 15.10.2025 തീയതിയിലെ ബി5-846/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന വഖ്ഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾക്ക് വേണ്ടിയുള്ള ധനസഹായമായി 2025-26 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിൽ "2250-00-103-89(നോൺ പ്ലാൻ) അഡ്മിനിസ്ട്രേറ്റിവ് ഗ്രാന്റ് ടു വഖ്ഫ് ബോർഡ്" എന്ന ശീർഷകത്തിൽ 90 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ ആദ്യഗഡുവായി 18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം) പരാമർശം 1-ലെ ഉത്തരവ് പ്രകാരം റിലീസ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്.

2] പ്രസ്തുത ഇനത്തിൽ ആദ്യഗഡുവായി അനുവദിച്ച 18,00,000/- രൂപ കിഴിച്ച് ബാക്കി 72,00,000/- രൂപയും (എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം), 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭിക്കാതെ പോയ 30,50,000/-രൂപയും എത്രയും വേഗം ബോർഡിന് അനുവദിച്ച് നൽകണമെന്നും കൂടാതെ, കേരള നിയമസഭയുടെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം ശിപാർശ ചെയ്ത 3,10,00,000/- രൂപ ബോർഡിന് അധിക ധനസഹായമായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകണമെന്നും ധനവിനിയോഗ സർട്ടിഫിക്കറ്റ് സഹിതം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വഖ്ഫ് ബോർഡിന് ആദ്യ ഗഡുവായി അനുവദിച്ച തുകയിൽ 17,81,005/- രൂപ ജീവനക്കാരുടെ ശമ്പളയിനത്തിലും 24,651/-രൂപ ജീവനക്കാരുടെ അലവൻസ് ഇനത്തിലുമായി പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ള 18,00,000/-രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റും അഡ്മിനിസ്ട്രേറ്റിവ് ഗ്രാന്റ് റൂൾസ് 2003 പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ട് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിലെ വരും മാസങ്ങളിലേക്കുള്ള (2025 ഒക്ടോബർ മുതൽ 2026 മാർച്ച് വരെ) പ്രതീക്ഷിത ചെലവ് തുകയുടെ വിശദാംശങ്ങളും പ്രസ്തുത പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കുകയുമുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "2250-00-103-89(നോൺ പ്ലാൻ)

അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ടു വഖഫ് ബോർഡ്" എന്ന ശീർഷകത്തിൽ വകയിരുത്തിയ 90 ലക്ഷം രൂപയിൽ ഇതിനകം ആദ്യ ഗഡുവായി അനുവദിച്ച 18 ലക്ഷം കുറവ് ചെയ്ത് അവശേഷിച്ച 72 ലക്ഷം രൂപയിൽ നിന്നും  രണ്ടാം ഗഡുവായി 25 ലക്ഷം രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) സംസ്ഥാന വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് വേണ്ടി റിലീസ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

4] തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ റവന്യൂ (എഫ്) വകുപ്പ് Drawing and Disbursing Officer യഥാവിധി മേലൊപ്പിട്ട ബിൽ ധനകാര്യ വകുപ്പിന്റെ ways and means clearance-ന് വിധേയമായി സെക്രട്ടറിയേറ്റ് സബ് ട്രഷറിയിൽ ഹാജരാക്കി വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രസ്തുത തുക കൈപ്പറ്റാവുന്നതും നിയമപ്രകാരം ആവശ്യാർത്ഥം ടി തുക വിനിയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (08.01.2026-ലെ വ്യയം-ഡി1/227/2025/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 16.01.2026 11:17:31
സെക്ഷൻ ഓഫീസർ